بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

ജുമുഅഃ ഖുത്വ്ബ സംഗ്രഹം 23-10-2026

നബിതിരുമേനി(സ)യുടെ ലളിതജീവിതം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു:

നബിതിരുമേനി(സ)യുടെ ലളിതജീവിതത്തെക്കുറിച്ചുള്ള വിവരണമാണ് ഞാൻ ആരംഭിച്ചിരുന്നത്. തനിക്ക് ആവശ്യമുള്ള സാധനങ്ങൾ ചന്തയിൽ ചെന്ന് അവിടുന്ന് സ്വയം വാങ്ങുമായിരുന്നു. അങ്ങയുടെ ലാളിത്യത്തിന്റെ ഒരു തലമാണത്. ഹദ്റത്ത് അബൂ ഹുറൈറ (റ) വിവരിക്കുന്നു: ഒരു ദിവസം ഞാൻ നബിതിരുമേനി(സ)യോടൊപ്പം അങ്ങാടിയിൽ ചെന്നു. അവിടുന്ന് ഒരു വസ്ത്ര വ്യാപാരിയുടെ അടുത്തിരുന്നു. തുടർന്ന് അവിടുന്ന് നാല് ദർഹമിന് അയവുള്ള ഒരു പൈജാമ വാങ്ങുകയുണ്ടായി.

ഹദ്റത്ത് ആയിശ (റ)യിൽ നിന്ന് നിവേദനം; അവർ പറയുമായിരുന്നു: ഹദ്റത്ത് അബൂബക്കർ (റ) ഒരിക്കൽ എന്റെ അടുക്കൽ വന്നപ്പോൾ അൻസാരികളായ രണ്ട് പെൺകുട്ടികൾ ചില കവിതകൾ ആലപിക്കുകയായിരുന്നു. പാട്ട് തൊഴിലാക്കിയവരായിരുന്നില്ല അവർ. മറിച്ച് അവർ എന്റെ കൂട്ടുകാരികളായിരുന്നു. പാട്ടിന്റെ ശബ്ദം കേട്ട ഹദ്റത്ത് അബൂബക്കർ ചോദിച്ചു: ഇതെന്താണ്, നബിതിരുമേനി(സ)യുടെ വീട്ടിൽ നിങ്ങൾ പിശാചിന്റെ കുഴലുകളുമായി ഇരിക്കുകയാണോ? അന്ന് പെരുന്നാൾ ദിനമായിരുന്നു.നബിതിരുമേനി (സ) ഇത് കേട്ടപ്പോൾ പറഞ്ഞു: അല്ലയോ അബൂബക്കർ! ഓരോ ജനതയ്ക്കും ഓരോ പെരുന്നാളുണ്ട്. ഇത് നമ്മുടെ പെരുന്നാളാണ്; അവരെതടയേണ്ടതില്ല; അവർ പാട്ടുപാടികൊള്ളട്ടെ.

അതായത്, ലളിതവും ആർഭാടരഹിതവുമായ ആ അന്തരീക്ഷത്തിൽ ശിർക്കുപരമായ ഒരു കാര്യവും നടക്കുന്നില്ല; അതിനാൽ അവരെ പാട്ടുപാടാൻ അനുവദിക്കുക.

നബിതിരുമേനി (സ) കുട്ടികളുടെ അരികിലൂടെ കടന്നുപോകുമ്പോൾ അവിടുന്ന് അവരോട് സലാം പറയുകയും അവരെ തലോടുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ഒരു വ്യക്തി അങ്ങയോടൊപ്പം ഇരുന്ന് സംസാരിക്കുകയോ എന്തെങ്കിലും ആവശ്യത്തിനായി അങ്ങയോട് സംസാരിക്കുകയോ ചെയ്താൽ, ആ വ്യക്തി സ്വയം എഴുന്നേറ്റു പോകുന്നതുവരെ അവിടുന്ന് അത്യധികം ക്ഷമയോടും സഹനത്തോടും കൂടി അവരോടൊപ്പം ഇരിക്കുമായിരുന്നു. ഈ ലാളിത്യവും സഹനവും തിരുമേനിയെ കാണാൻ വരുന്ന വ്യക്തിക്ക് ആശ്വാസവും ധൈര്യവും പകരുകയും തനിക്ക് പറയാനുള്ള കാര്യം സമാധാനത്തോടെ വിവരിക്കാൻ ഇത് അവരെ പ്രാപ്തരാക്കുകയും ചെയ്തു. നമ്മുടെ ഭാരവാഹികളും മാതൃകയാക്കേണ്ട രീതിയാണിത്.

ഹദ്റത്ത് ഇമാം ഹുസൈൻ (റ) വിവരിക്കുന്നു: ഞാൻ എന്റെ പിതാവിനോട് (ഹദ്റത്ത് അലി(റ)) നബിതിരുമേനി(സ)യുടെ സദസ്സിനെക്കുറിച്ച് ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു: നബിതിരുമേനി (സ) സദാസമയം ദൈവസ്മരണയിലായിരുന്നു. ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ അടുക്കലേക്ക് ചെല്ലുകയാണെങ്കിൽ, ആ സദസ്സ് അവസാനിക്കുന്നിടത്ത് തന്നെ അവിടുന്ന് ഉപവിഷ്ടനാകുമായിരുന്നു. കൂടെ ഇരിക്കുന്ന ഓരോ വ്യക്തിയോടുമുള്ള അവകാശം നിറവേറ്റുമായിരുന്നു; തന്നേക്കാൾ മറ്റാരെങ്കിലും കൂടുതൽ ആദരിക്കപ്പെടുന്നതായി ആർക്കും അനുഭവപ്പെട്ടിരുന്നില്ല. അങ്ങയുടെ ഉപകാരശീലവും പെരുമാറ്റവും എല്ലാവരോടും ഒരുപോലെയായിരുന്നു; അവിടുന്ന് അവർക്ക് ഒരു പിതാവിന്റെ സ്ഥാനത്തായിരുന്നു.

മദീനയിലേക്ക് ഹിജ്റ ചെയ്ത വേളയിൽ, അവിടുന്ന് ഖുബാഇന് പുറത്ത് ഒരു മരത്തണലിൽ ഇരിക്കുകയായിരുന്നു. ആ സമയത്ത് മദീനാവാസികളിൽ ഭൂരിഭാഗം പേർക്കും നബിതിരുമേനി (സ)യെ മുഖപരിചയം ഉണ്ടായിരുന്നില്ല. ആളുകൾ ഹദ്റത്ത് അബൂബക്കർ(റ)നെ നബിതിരു

മേനി(സ) ആയി തെറ്റിധരിച്ച് അത്യന്തം ഭക്ത്യാദരങ്ങളോടെ ഹദ്റത്ത്അബൂബക്കർ(റ)നുനേരെ തിരിഞ്ഞിരിക്കുമായിരുന്നു. ഇതു കണ്ട ഹദ്റത്ത് അബൂബക്കർ(റ) ഉടൻതന്നെ തന്റെ പുതപ്പ് ഉയർത്തി സൂര്യനു നേരെ നിലയുറപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അങ്ങേയ്ക്ക് വെയിൽ ഏൽക്കുന്നുവല്ലോ. ഞാൻ അങ്ങേക്ക് തണൽ വിരിക്കാം.

ഹദ്റത്ത് ജാബിർബിൻ അബ്ദുല്ലാഹ് (റ) പറയുന്നു: ഒരിക്കൽ ഞാൻ രോഗബാധിതനായപ്പോൾ നബി(സ)യും ഹദ്റത്ത് അബൂബക്കറും(റ) എന്റെ വീട്ടിൽ വരികയുണ്ടായി; ഞാൻ ബോധരഹിതനായി കിടക്കുകയായിരുന്നു.അപ്പോൾ നബി (സ) വുളൂഅ് ചെയ്ത് ആ വെള്ളം എന്റെ മേൽ തളിച്ചു. അതോടെ എനിക്ക് ബോധം തിരികെ ലഭിക്കുകയുണ്ടായി.

നബിതിരുമേനി (സ)യുടെ ജീവിതത്തിൽ യാതൊരു നാട്യവും ഉണ്ടായിരുന്നില്ല; ലാളിത്യം മാത്രമായിരുന്നു. തന്റെ അനുചരന്മാരുടെ ആത്മീയ സംസ്കരണത്തിനായി അവിടുന്ന് അവരെയും ലാളിത്യം പുലർത്താൻ ഉപദേശിച്ചുകൊണ്ടിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് (റ) വിവരിക്കുന്നു: ബദ്ർ യുദ്ധദിവസം ഒരു ഒട്ടകത്തിൽ മൂന്നുപേർ ഊഴം മാറിയാണ് സഞ്ചരിച്ചിരുന്നത്. നബി(സ)യോടൊപ്പം ഒട്ടകത്തിൽ സഞ്ചരിക്കുന്നവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അങ്ങ് ഒട്ടകപ്പുറത്ത് സഞ്ചരിച്ചാലും; ഞങ്ങൾ നടന്നു കൊള്ളാം! അവിടുന്ന് പറഞ്ഞു: നിങ്ങൾ രണ്ടുപേരും എന്നെക്കാൾ കൂടുതൽ ശക്തിയുള്ളവരല്ല; പുണ്യം സമ്പാദിക്കുന്നതിന്റെ ആവശ്യം നിങ്ങളെപ്പോലെ എനിക്കുമുണ്ട്. ആകയാൽ, നിശ്ചയിക്കപ്പെട്ട നിയമം അനുസരിച്ചേ കാര്യങ്ങൾ നടക്കുകയുള്ളൂ.

ഹദ്റത്ത് അംറു ബിൻ ഹാരിസ് (റ) വിവരിക്കുന്നു: നബിതിരുമേനി(സ) വഫാത്തായ വേളയിൽ ദീനാറോ ദിർഹാമോ അടിമയോ വേലക്കാരിയോ യാതൊന്നുംതന്നെ അനന്തരാവകാശമായി ബാക്കി വെച്ചിരുന്നില്ല! തന്റെ യാത്രകൾക്കായി ഉപയോഗിച്ചിരുന്ന വെളുത്ത കുതിരയും സ്വന്തം ആയുധങ്ങളും, വഴിയാത്രക്കാർക്കായി വഖ്ഫ് ചെയ്ത ഒരു ഭൂമിയുമല്ലാതെ മറ്റൊന്നും ബാക്കിയുണ്ടായിരുന്നില്ല!

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അരുളിച്ചെയ്യുന്നു: നബി(സ) നല്ല ഭക്ഷണങ്ങൾ ആസ്വദിച്ചു കഴിച്ചിരുന്നു എന്നതും, അതേസമയം കഠിനമായ പട്ടിണി അനുഭവിച്ചിരുന്നു എന്നതും ചരിത്രപരമായി സ്ഥിരീകരിക്കപ്പെട്ട കാര്യമാണ്. വിശപ്പ് സഹിക്കാനാവാതെ അങ്ങേയ്ക്ക് ചിലപ്പോൾ വയറ്റിൽ കല്ല് കെട്ടിവെക്കേണ്ടി വന്നിട്ടുണ്ട്! എന്നാൽ എല്ലാ സാഹചര്യങ്ങളിലും അവിടുന്ന് അല്ലാഹുവിനോടുള്ള നന്ദിയിലും ലളിത ജീവിതത്തിലുമാണ് കഴിച്ചു കൂട്ടിയത്.

ഹദ്റത്ത് അബു സഈദ് ഖുദ്‌രി (റ) വിവരിക്കുന്നു: നബിതിരുമേനി(സ) തികച്ചും ലളിതമായ ജീവിതമാണ് നയിച്ചിരുന്നത്. ഒരു ജോലി ചെയ്യുന്നതിലും അവിടുന്ന് നാണക്കേട് കരുതിയിരുന്നില്ല!

അവിടുന്ന് തന്റെ ഒട്ടകത്തിന് തീറ്റ നല്കി. വീട്ടുജോലികൾ സ്വയം ചെയ്തു. സ്വന്തം ചെരിപ്പുകൾ സ്വയം തുന്നി ശരിയാക്കി. വസ്ത്രങ്ങൾ സ്വയം തുന്നിച്ചേർത്തു.വീട്ടുജോലിക്കാരനോടൊപ്പം ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചു. മാവ് അരച്ച് അരച്ച് ആ വേലക്കാരൻ ക്ഷീണിച്ചുപോയാൽ ആ ജോലിയിലും അവനെ സഹായിച്ചു. അങ്ങാടിയിൽ നിന്ന് ആവശ്യസാധനങ്ങൾ സ്വയം എടുത്തുകൊണ്ട് വരുന്നതിന് അവിടുന്ന് യാതൊരുവിധ മാനക്കേടും വിചാരിച്ചിരുന്നില്ല. ധനികനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ എല്ലാവരുമായും ഹസ്തദാനം ചെയ്തു. സലാം ചെയ്യുന്നതിൽ എപ്പോഴും മുൻകൈ എടുത്തു. ഈന്തപ്പഴത്തിന്റെ ചെറിയൊരു സൽക്കാരമാണെങ്കിൽ പോലും അതിനെ നിസ്സാരമായി കാണാതെ അവിടുന്ന് അത് സന്തോഷത്തോടെസ്വീകരിച്ചു. അത്യധികം സഹാനുഭൂതിയുള്ള അവിടുന്ന് മൃദുസ്വഭാവിയും, സഹനശീലനുമായിരുന്നു. അങ്ങേയറ്റം ലളിതമായിരുന്നു അങ്ങയുടെ ജീവിതരീതി; എപ്പോഴും പ്രസന്നവദനനായിരുന്നു, മുഖത്ത് എപ്പോഴും ഒരു ചെറുപുഞ്ചിരി കളിയാടിയിരുന്നു. അവിടുന്ന് ശബ്ദമുയർത്തി പൊട്ടിച്ചിരിക്കുമായിരുന്നില്ല. അല്ലാഹുവിലുള്ള ഭയം നിമിത്തം എപ്പോഴും ചിന്താമഗ്നനായിരുന്നു. മുഖംകറുപ്പിക്കലോ പരുഷതയോ ഒട്ടും ഉണ്ടായിരുന്നില്ല! അതീവ വിനയാന്വിതനായിരുന്നെങ്കിലും അതിൽ യാതൊരുവിധ ദൗർബല്യത്തിന്റെയും ആത്മവിശ്വാസക്കുറവിന്റെയും അംശമുണ്ടായിരുന്നില്ല! അവിടുന്ന് വലിയ ഉദാരനും ദയാലുവും, കാരുണ്യവാനും കൃപാലുവുമായിരുന്നു. ഓരോ മുസ്ലിമിനോടും അങ്ങേയറ്റം ദയയോടും കാരുണ്യത്തോടും കൂടിയായിരുന്നു പെരുമാറിയിരുന്നത്.

ഏമ്പക്കം വരുവോളം വയറുനിറയെ ആഹാരം കഴിക്കുന്ന രീതി അങ്ങേയ്ക്ക് ഉണ്ടായിരുന്നില്ല. അത്യാഗ്രഹംകൊണ്ടോ ധനമോഹത്താലോ ഒരിക്കലും അവിടുന്ന് കൈ നീട്ടിയിരുന്നില്ല; മറിച്ച് എപ്പോഴും ക്ഷമയോടെ നന്ദി കാണിച്ച് ഉള്ളതിൽ തൃപ്തിപ്പെടുകയാണ് ചെയ്തിരുന്നത്.

ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു: നബിതിരു

മേനി(സ) ഉപഹാരങ്ങൾ സ്വീകരിക്കുകയും, പകരമായി ഉപഹാരം അയക്കുകയും ചെയ്യുമായിരുന്നു. എത്ര ചെറിയൊരു ഉപഹാരമായാലും അവിടുന്ന് അത് സ്വീകരിക്കുകയും, അതിനു പകരമായി ഉപഹാരം നൽകുകയും ചെയ്യുമായിരുന്നു. അവിടുന്ന് ഒരിക്കലും ഒരു ഭക്ഷണത്തെയും ആക്ഷേപിക്കുകയോ കുറ്റം പറയുകയോ ചെയ്തിരുന്നില്ല; ആഹാരം ഇഷ്ടപ്പെട്ടാൽ അത് കഴിക്കുമായിരുന്നു, അല്ലെങ്കിൽ അത് ഒഴിവാക്കുമായിരുന്നു.

അവിടുന്ന് പരുക്കൻ കമ്പിളി വസ്ത്രങ്ങൾ ധരിച്ചു, കേടുപാടുകൾ തീർത്ത ചെരിപ്പുകൾ ധരിച്ചു. അവിടുന്ന് എപ്പോഴും കട്ടിയുള്ള ആഹാരം (അതായത്, വെള്ളമില്ലാതെ തൊണ്ടയിലൂടെ ഇറങ്ങാൻ പ്രയാസമുള്ള കട്ടിയുള്ള യവത്തിന്റെ അഥവാ ബാർലിയുടെ റൊട്ടി), കഴിച്ചു; ലളിതമായ വസ്ത്രങ്ങൾ ധരിച്ചു.

യവം വാങ്ങാന അവിടുന്ന് തന്റെ പടയങ്കി പണയം വെച്ചിരുന്നു. ഒരു അവസരത്തിൽ അവിടുന്ന് റൊട്ടിയുടെ ഒരു കഷ്ണത്തിന് മേൽ ഈന്തപ്പഴം വെച്ചുകൊണ്ട് പറഞ്ഞു: ഇത് ഇതിന്റെ കറിയാണ് ഈന്തപ്പഴത്തോടൊപ്പം റൊട്ടി അങ്ങനെത്തന്നെ കഴിക്കുകയും ചെയ്തു.. ഒരിക്കൽ അവിടുത്തെ സന്നിധിയിൽ ചൂടുള്ള ഭക്ഷണം കൊണ്ടുവന്നു. അവിടുന്ന് അത് കഴിച്ചതിനുശേഷം ഇപ്രകാരം പറഞ്ഞു: സർവ സ്തുതിയും അല്ലാഹുവിനാണ്; കുറേ കാലമായി ചൂടുള്ള ഭക്ഷണം കഴിച്ചച്ചിട്ട്. ഹദ്റത്ത് ആയിശ (റ) പറയുന്നു: ഞങ്ങൾ ഈന്തപ്പഴവും വെള്ളവും വേണ്ടുവോളം കഴിച്ച് തൃപ്തിപ്പെട്ടിരുന്ന അവസ്ഥയിലായിരുന്നു നബി (സ) വഫാത്തായത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്തു: പരിശുദ്ധരുടെയും നിർമ്മലരുടെയും വയറുനിറയ്ക്കൽ മൃഗങ്ങളെപ്പോലെ തിന്ന് നരകാവകാശികളായി എന്ന് അല്ലാഹു വിശേഷിപ്പിച്ച ആളുകളുടെ വയറുനിറയ്ക്കൽ പോലെയുള്ളതല്ല! നബിതിരുമേനി(സ) ഏതെങ്കിലും സന്ദർഭത്തിൽ മതിവരുവോളം കഴിച്ചു എന്ന് പറയുന്നതിന്റെ അർത്ഥം തികച്ചും വ്യത്യസ്തമായ ഒരു വെളിച്ചത്തിലാണ്. ആ തൃപ്തിയെ, ഭൗതിക ആസ്വാദനങ്ങളും ലൗകിക സുഖലോലുപതകളും മാത്രം ജീവിത ലക്ഷ്യമായി കാണുകയും തങ്ങളുടെ ദൃഷ്ടികൾ ശാരീരേച്ഛകളുടെ പൂർത്തീകരണത്തിൽ മാത്രം ഒതുങ്ങിനിൽക്കുകയും ചെയ്യുന്നവരുടെ മതിപ്പുമായി താരതമ്യം ചെയ്യാൻ നമുക്ക് ഒരിക്കലും സാധിക്കില്ല! മതിപ്പിനെ നിർവചിക്കുമ്പോൾ പരിശുദ്ധർക്കും സദ്വൃത്തുക്കുമുള്ള സാങ്കേതികങ്ങളും അവിശുദ്ധരുടെയും ലൗകികരുടെയും സാങ്കേതികങ്ങളും തികച്ചും വ്യത്യസ്തമാണ്. വിശപ്പ് നീങ്ങി ശാരീരിക ചലനങ്ങൾ വീണ്ടെടുക്കാൻ തക്ക അളവിലുള്ള ഭക്ഷണത്തെയാണ് പരിശുദ്ധരായ ആളുകൾ 'മതിയാവോളം 'എന്ന് വിശേഷിപ്പിക്കുന്നത്. ചുരുക്കത്തിൽ, ഒരു മുഅ്മിന്റെ (വിശ്വാസി) മതിപ്പ് എന്നത് തന്റെ ശരീരം നിവർന്നു നിൽക്കാനും അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റാനും ആവശ്യമായത്ര ഭക്ഷണം കഴിക്കുക എന്നത് മാത്രമാണ്.

ആകയാൽ, നബിതിരുമേനിയുടെ മതിപ്പും സാധാരണക്കാരുടെ വയറുനിറയലും തമ്മിൽ അജഗജാന്തരമുണ്ട്. അതുപോലെ, അവിടുത്തെ ഉന്നതമായ പദവിയും മഹത്വവും പലരും മനസ്സിലാക്കിയില്ല. പ്രയോഗിക്കപ്പെട്ട വാക്കുകളുടെ യഥാർത്ഥ പശ്ചാത്തലം പരിശോധിക്കാത്തതിനാൽ അവർ തെറ്റിദ്ധാരണകളിൽ അകപ്പെടുകയാണുണ്ടായത്. റസൂൽ കരീം (സ) ഏതെങ്കിലും സന്ദർഭത്തിൽ 'എനിക്ക് നിറഞ്ഞു' എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ, അത് ആഹാരത്തെ മാത്രം ജീവിതത്തിന്റെ ഏക ലക്ഷ്യമായി കണ്ടവരുടെ പ്രസ്താവനകളുടെ അർത്ഥത്തിലല്ല. ചുരുക്കത്തിൽ, പരിശുദ്ധരായ വ്യക്തികളുടെ പ്രവൃത്തികളും വാക്കുകളും അവരുടെ ഉന്നതമായ ആത്മീയ പദവികളുടെ അടിസ്ഥാനത്തിലാണ് മനസ്സിലാക്കേണ്ടത്; അവരുടെ കാര്യങ്ങളെ മറ്റുള്ളവരുമായി ഒരിക്കലും അളക്കരുത്. യഥാർത്ഥത്തിൽ ഈ ഭൗതിക ലോകത്തിന്റെ സീമകൾക്കകത്താണ് അവർ ജീവിക്കുന്നുതെങ്കിലും, ആത്മീയമായി ഈ ലോകത്തിന് തീർത്തും അതീതരാണവർ.

ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു: ദിവസം രണ്ടുനേരം മതിവരുവോളം ഭക്ഷണം കഴിക്കുമ്പോഴൊക്കെ എനിക്ക് കരച്ചിൽ വരാറുണ്ട്. എന്തുകൊണ്ടാണ് കരച്ചിൽ വരുന്നത് എന്ന് ചോദിക്കപ്പെട്ടപ്പോൾ, അവർ പറഞ്ഞു: റസൂൽ കരീം (സ) ഈ ലോകം വിട്ടുപിരിഞ്ഞ അവസ്ഥ ഞാൻ ഓർത്തു പോകും. അല്ലാഹുവാണെ സത്യം! റസൂൽ കരീം (സ) ഒരിക്കലും ഒരു ദിവസത്തിൽ രണ്ടുനേരം റൊട്ടിയും ഇറച്ചിയും വയറുനിറയെ കഴിച്ചിരുന്നില്ല!

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉബൈദ് (റ) നിവേദനം ചെയ്യുന്നു: റസൂൽ കരീം (സ)യുടെ സന്നിധിയിൽ ഭക്ഷണം കൊണ്ടുവന്നു. അപ്പോൾ ഹദ്റത്ത് ആയിശ (റ) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അങ്ങ് ചാരിയിരുന്ന് ഭക്ഷണം കഴിച്ചാലും; അത് അങ്ങേക്ക് കൂടുതൽ ആശ്വാസകരമായിരിക്കും!

അപ്പോൾ അവിടുന്ന് തന്റെ തിരുനെറ്റി നിലത്തേക്ക് താഴ്ത്തി അത് നിലത്തു തൊടുമെന്ന അവസ്ഥ

യിലായി. എന്നിട്ട് പറഞ്ഞു: ഒരു സാധാരണ ദാസൻ ഭക്ഷിക്കുന്നതുപോലെ മാത്രമേ ഞാൻ ഭക്ഷിക്കുകയുള്ളൂ; ഒരു സാധാരണ ദാസൻ ഇരിക്കുന്നതു പോലെ മാത്രമേ ഞാൻ ഇരിക്കുകയുമുള്ളൂ കാരണം, ഞാൻ കേവലം ഒരു ദാസൻ മാത്രമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു:

റസൂൽ കരീം (സ)യുടെ സ്വഭാവമഹിമ മനസ്സിലാക്കാൻ അങ്ങയുടെ പരിശുദ്ധമായ ജീവിതം നിങ്ങൾ പഠിക്കുക .പ്രതാപഗരിമയാർന്ന പ്രവാചകനെ പ്രായം ചെന്ന ഏതെങ്കിലും ദുർബലയായ ഒരു സ്ത്രീ പിടിച്ചു നിർത്തിയാൽ ആ സ്ത്രീ സ്വയം പോകുവാൻ അനുവാദം നൽകുന്നതുവരെ അവിടുന്ന് അനങ്ങാതെ നിൽക്കുമായിരുന്നു!

ഖുതുബയുടെ അവസാനത്തിൽ ഹുസൂർ അൻവർ അരുൾ ചെയ്തു:

റസൂൽ കരീം (സ)യുടെ പദവി അത്യുന്നതമായ ഒരു പദവിയാണ്; അവിടുത്തെ ഓരോ പ്രവൃത്തിയിലും നമുക്ക് ഉത്തമ മാതൃക അടങ്ങിയിരിക്കുന്നു.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ وَّبَارِكْ وَسَلِّمْ اِنَّكَ حَمِيْدٌ مَّجِيْدٌ۔

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

FRIDAY SERMON SUMMARY

DELIVERED BY

HAZRAT KHALIFATUL MASIH V(ATBA)

MASJID MUBARAK UK ON 23.10.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY ARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516